**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3496** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഗിഗ് തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗിഗ് തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കർണ്ണാടക, തെലുങ്കാന മാതൃകയിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗ്രേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനും പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സിനായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുമായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) | ഗിഗ് തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ പഠിക്കുന്നതിനും തൊഴിൽ മേഖലയിലെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | 27.07.2024 ലെ സ.ഉ(സാധാ)നം. 802/2024/ തൊഴിൽ പ്രകാരം സംസ്ഥാനത്തെ Online food delivery മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച പൊതുമാനദണ്ഡം രൂപീകരിക്കുന്നതിനായി ലേബർ കമ്മീഷണർ ചെയർമാനായും അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ) കൺവീനറായും ഈ മേഖലയിലെ വിദഗ്ധർ, മാനേജ്മെന്റ്/ട്രേഡ് യൂണിയൻ പ്രതിനിധികൾ അംഗങ്ങളായും ഒരു ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. മേഖലയിലെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മേൽ ടെക്നിക്കൽ കമ്മിറ്റി വിവിധ യോഗങ്ങൾ വിളിച്ചുചേർക്കുകയും യോഗങ്ങളിൽ സ്വിഗ്ഗി, സൊമാട്ടോ മാനേജ്മെന്റ് പ്രതിനിധികൾ ഹാജരായി അവരവരുടെ നിലവിലെ സർവ്വീസ് കണ്ടീഷനും വേതന വ്യവസ്ഥയും സംബന്ധിച്ച വിവരം വിശദമാക്കുകയും ചെയ്തിട്ടുണ്ട്. Online food delivery മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിനായി ഫീൽഡ് ലെവലിൽ നിന്നും വിവിധ സാമ്പിളുകൾ ശേഖരിച്ച് ആയതിന്റെ കൂടി അടിസ്ഥാനത്തിൽ വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | വിശദമായ ചർച്ച ക്രമീകരിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി തീരുമാനിക്കുകയും ആയതിനുള്ള നടപടികൾ സ്വീകരിച്ചും വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ